# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 168** **06.02.2019 -ൽ മറുപടിക്ക്.**

### ഭക്ഷ്യഭദ്രതാ നിയമം മൂലം റേഷൻ സമ്പ്രദായത്തിലുണ്ടായ മാറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം**<br>**,, ഒ. ആർ. കേളു**<br>**ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.കെ. ആൻസലൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് 1966 മുതൽ നിലനിന്ന സാർവത്രിക റേഷൻ സമ്പ്രദായത്തെ ഭക്ഷ്യഭദ്രതാ നിയമം ദുർബലപ്പെടുത്തിയത് പരിഹരിക്കാനായി നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കാമോ; | (എ) കേരളത്തിലെ പൊതു വിതരണ സംവിധാനം പല ഘട്ടങ്ങളിലൂടെ മാറ്റത്തിന് വിധേയമായിട്ടാണ് നിലവിലെ സംവിധാനം രൂപപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തെ റേഷനിംഗ് സമ്പ്രദായം സാർവ്വത്രികമായിരുന്നതിൽ നിന്ന് ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ ഉള്ളവർ-താഴെയുള്ളവർ (എ.പി.എൽ, ബി.പി.എൽ) എന്ന വിഭജനത്തോടുകൂടി ലക്ഷ്യാധിഷ്ഠിതമായി മാറിയത് 01.06.1997 മുതലാണ്. 2000-ൽ കേന്ദ്ര സർക്കാർ എ.എ.വൈ. സ്കീം, അന്നപൂർണ്ണ സ്കീം എന്നിവ നടപ്പാക്കി. തുടർന്ന് അഡ്ഹോക്ക് അലോട്ട്മെന്റിലൂടെ 2016 വരെ സംസ്ഥാനത്ത് ഭക്ഷ്യ വിഹിതം നൽകിയിരുന്നു.<br><br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ അനുച്ഛേദം 3(1) പ്രകാരം ടി നിയമം നിലവിൽ വന്ന 2013 ന മുൻപുള്ള മൂന്ന വർഷത്തെ നോർമൽ അലോട്ട്മെന്റിന്റെ ശരാശരി അളവ് സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പ നൽകുന്നു. എന്നാൽ അഡ്ഹോക്ക് വിഹിതമുൾപ്പെടെ ലഭ്യമായ ശരാശരി 16.01 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിച്ച സംസ്ഥാനമെന്ന നിലയിൽ, ടി വിഹിതം കണക്കാക്കാതെ സംസ്ഥാനത്തിന്റെ വാർഷിക വിഹിതം 14.25 ലക്ഷം മെ.ടൺ ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണനാ വിഭാഗക്കാർക്ക് വേണ്ടി വരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ കഴിച്ച് ബാക്കി വരുന്ന 4 ലക്ഷം മെ.ടൺ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തി വരുന്നത്. |

(ബി) ആവശ്യാനുസരണം ഭക്ഷ്യധാന്യ വിഹിതം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ടോ;

(ബി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ അളവ് കണക്കാക്കിയത് പുന പരിശോധിക്കണമെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിന് 14.08.2015 ലെ 1/Kerala/2015-NFSA നമ്പരിലുള്ള കേന്ദ്രസർക്കാർ കത്തിൽ 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയും എ.പി.എൽ വിഹിതത്തിലുള്ള കേരളത്തിന്റെ ഓഫ് ടേക്കിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നത് എന്നതിനാൽ കേരളത്തിന് മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. കേരളത്തിന് കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതം സംസ്ഥാനത്തിന് പര്യാപ്തമാണെന്നും ടി കത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ സർക്കാർ തലത്തിലും ഗവർണർമാരുടെ സമ്മേളനത്തിലും എം.പി.മാരുടെ കോൺഫറൻസിലും സർവ്വകക്ഷി തലത്തിൽ ബഹു. പ്രധാനമന്ത്രിയെ നേരിട്ടുകണ്ടും റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നെങ്കിലും ആയതിന്മേൽ അനുഭാവ പൂർണ്ണമായ സമീപനം നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്ന് ഉണ്ടായിട്ടില്ല.

(സി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി സുതാര്യത ഉറപ്പാക്കുന്നതിനും ഭക്ഷ്യധാന്യ വിതരണത്തിൽ ഉണ്ടായിരുന്ന വലിയ തോതിലുള്ള അഴിമതി തടയുന്നതിനും സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ;

(സി) റേഷൻ വിതരണം സുഗമമാക്കുന്നതിനായി ചുവടെ പറയുന്ന കാര്യങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്.

- സർക്കാർ ഏജൻസിയായ സപ്ലൈകോ വഴി വാതിൽപ്പടി വിതരണം ആരംഭിച്ചു.
- റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി
- ജില്ലാ പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മാരെ നിയമിച്ചു.
- സംസ്ഥാന ഭക്ഷ്യകമ്മീഷൻ ചെയർപേഴ്സനെ നിയമിച്ചു.
- സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.
- റേഷൻ കടകൾ വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- നവീകരണത്തിനായി ഒരു റേഷൻകടയ്ക്ക് 2500/- രൂപ വീതം അനുവദിച്ചു.
- 428 കോടി വാർഷിക സാമ്പത്തിക ബാധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് 01.12.2018 മുതൽ നടപ്പിലാക്കി.
- ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചു വരുന്നു.

(ഡി) വിതരണത്തിനായുള്ള അരി കടയിൽ എത്തിച്ച് തൂക്കി നൽകുന്ന പ്രവർത്തനത്തിൽ ചിലപ്പോഴെങ്കിലും വേണ്ടത്ര കാര്യക്ഷമതയില്ലെന്ന പ്രശ്നം പരിഹരിക്കാൻ ശ്രദ്ധിക്കുമോ;

(ഡി) 75 താലൂക്കുകളിലെ ഏകദേശം 225 ഗോഡൗൺ മുഖേന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാതിൽപ്പടി വിതരണം നടത്തിവരുന്നുണ്ട്. വാതിൽപ്പടി വിതരണം നടത്തുമ്പോൾ കൃത്യമായ തൂക്കം ലഭിക്കുന്നില്ല എന്നുള്ള റേഷൻ വ്യാപാരികളുടെ പരാതി പരിഹരിക്കുന്നതിനായി 2019 ജനുവരി മുതൽ നിലവിൽ വന്ന ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടിൽ റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടത്തുമ്പോൾ തൂക്കം ഉറപ്പ് വരുത്തി നൽകണം എന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ ജില്ലാ / താലൂക്ക് സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഭക്ഷ്യവിതരണ രംഗത്തെ ക്രമക്കേട് തടയുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(ഇ) സോഷ്യൽ ഓഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് തിരുവനന്തപുരം ജില്ലയിൽ നടത്തി വരുന്നു. ആയത് 2019 മാർച്ച് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്. തുടർന്ന് സംസ്ഥാനത്തു മുഴുവൻ വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ